# ജലം: അതോറിറ്റിയുടെ കുത്തക തീരും

**വിനു വാസുദേവൻ**

തിരുവനന്തപുരം:- വൈദ്യുതി ബോർഡിന്റെ പിറകെ, വാട്ടർ അതോറിറ്റിയും ഇല്ലാതാവുന്നു. വൈദ്യുതി ബോർഡിനേക്കാൾ വേഗത്തിൽ ജല അതോറിറ്റി നിഷ്ക്രമിക്കാനാണ് ഇട. വൈദ്യുതി നിർമ്മാണ വിതരണരംഗം സ്വകാര്യമേഖലക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറുന്നതുപോലെത്തന്നെ ജലവിതരണവും സ്വകാര്യമേഖലക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പൂർണ്ണമായി കൈമാറാൻ തീരുമാനങ്ങളായിക്കഴിഞ്ഞു. കേരളത്തിൽ സ്വകാര്യമേഖലയെ പരിമിതപ്പെടുത്തി. ജനകീയാസൂത്രണത്തിന്റെ ലേബലിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയാവും ഉടനെയുണ്ടാവുക. ഇത് പിന്നീട് സ്വകാര്യമേഖലയിൽ എത്തിക്കൂടായ്കയില്ല.

ലോകബാങ്കിന്റെ 400 കോടി മുതൽമുടക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയാണ് ഈ നീക്കങ്ങളെ ത്വരിതപ്പെടുത്തുക. 15 ശതമാനം ഗുണഭോക്തൃ വിഹിതവും, 10 ശതമാനം പഞ്ചായത്ത് വിഹിതവും 75 ശതമാനം ലോകബാങ്ക് വായ്പയുമായി നടപ്പാക്കപ്പെടുന്ന പദ്ധതിക്ക് വാട്ടർ അതോറിറ്റിക്ക് സമാന്തരമായ ഒരു സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ ജല അതോറിറ്റിയുടെ കയ്യിലുള്ള 1415 ചെറുതും വലുതുമായ പദ്ധതികൾ ഉടനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറും. ഈ ലോകബാങ്ക് നിബന്ധന പാലിക്കപ്പെടുന്നതോടെ, ലോകബാങ്കിൽ നിന്ന് വായ്പ കിട്ടാൻ വേണ്ടി സംഘടിപ്പിച്ച ജല അതോറിറ്റി ഇല്ലാതാവും.

പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കേണ്ടത് എങ്ങനെ എന്ന പഠനം തുടങ്ങിക്കഴിഞ്ഞു. ഈ പഠനത്തിന്റെ ഫലമായുണ്ടാകുന്ന നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയാവും, ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലം കണ്ടെത്തലും, വിതരണം ചെയ്യലും തീരുമാനിക്കപ്പെടുക. കേരളത്തിൽ ആറ് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഫലത്തെ അടിസ്ഥാനമാക്കി മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടപ്പാവും. വികേന്ദ്രീകൃത രീതിയിൽ, അതാത് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ, പ്രാദേശികാവശ്യങ്ങൾ വിലയിരുത്തി നടത്തുന്ന പദ്ധതികൾ കൂടുതൽ ഫലപ്രദമാവും എന്നാണ് വിലയിരുത്തൽ. എന്നാൽ, നടപ്പാക്കുന്നതിലെ അപാകതകളും പാളിച്ചകളും, പെട്ടന്ന് ഫലപ്രാപ്തിയുണ്ടാവണമെന്ന ആവശ്യങ്ങളും മൂലം ഗ്രാമപഞ്ചായത്തുകൾ ജലവിതരണം സ്വകാര്യമേഖലയെ ഏല്പിക്കുന്ന കാര്യവും അവഗണിക്കാനാവില്ല. ഇതിനെ പ്രതിരോധിക്കാൻ പഞ്ചായത്ത് നിയമങ്ങളിൽ മാറ്റം വരുത്തിയേക്കാനും സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതിക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകി സ്വകാര്യ വൽക്കരണ ശ്രമങ്ങളെ പ്രതിരോധിക്കാനാണ് ആസൂത്രണ ബോർഡിന്റെ ശ്രമം.

## രചന

ഈ ലക്കം കേരളീയം 'രചന' ലിപിയിൽ തയ്യാറാക്കാൻ, ചില സാങ്കേതിക വിഷമതകൾ മൂലം, കഴിഞ്ഞിട്ടില്ല. കഴിയുംവേഗം നമ്മൾ 'രചന'യിലേക്ക് തിരിച്ചുവരുന്നതാണ്.